ESTD:1976

കാരവൽ

1196 വൃശ്ചികം 5, 1442 റ.ആഖിർ 4, 2020 നവംബർ 20 വെള്ളി

തിരുത്തലുകൾ അനിവാര്യമായ സംസ്ഥാന രാഷ്ട്രീയം

അധികാരകേന്ദ്രങ്ങളുടെ പരമാധികാരം കൈയാളുന്നവർ വ്യക്തിശുദ്ധി ജീവിതവ്രതമാക്കിയവരല്ലെങ്കിൽ സംഭവിക്കാവുന്ന ദുരന്തങ്ങൾക്കു കേരളം ഇന്ന് സാക്ഷ്യം വഹിക്കുകയാണ്. സംസ്ഥാനത്ത് രാഷ്ട്രീയ മേഖലയാകെ ജീർണ്ണിച്ചു തുടങ്ങിയിരിക്കുന്നു. സാമ്പത്തിക രംഗം ഇനിയൊരു കരകയറ്റം സാധ്യമല്ലാത്ത തരത്തിൽ കടത്തിൽ മുങ്ങി നിൽക്കുന്നു. ഔദ്യോഗികമേഖല നിയമത്തിന്റെ നിർദ്ദേശങ്ങൾ അവഗണിച്ചുകൊണ്ട് ഭരണചക്രം തിരിക്കുന്നവർക്കു ഇന്ധനവും വെള്ളവുമായി മാറിയിരിക്കുന്നു. നിയമസംഹിതകൾ തലകീഴ്മറിയുന്നു. സമാധാനപരമാകണമെന്നു സമൂഹം ആഗ്രഹിക്കുന്ന സാമൂഹ്യാന്തരീക്ഷം പ്രക്ഷുബ്ധമായിരിക്കുന്നു. മാരക രോഗങ്ങൾ, തൊഴിലില്ലായ്മ, വരുമാനത്തകർച്ച എന്നിവ മനുഷ്യരുടെ നിലനിൽപ്പുതന്നെ തകിടം മറിക്കുന്നു. രാഷ്ട്രീയരംഗത്തു തീവ്രവാദം രൂക്ഷമാവുന്നു. സാധാരണ ജീവിതം അതീവ ദുസ്സഹമാവുകയാണ്. നിയമപാലകർ നിയമലംഘകരായി അധികാരകേന്ദ്രങ്ങളുമായി സംഘം ചേർന്നിരിക്കുന്നുവെന്ന ആശങ്ക ജനങ്ങളിൽ രൂഢമൂലമാകുന്നു.

മുങ്ങുന്ന കപ്പലിൽ നിന്നും കത്തുന്ന പുരയിൽ നിന്നും കിട്ടാവുന്നത്ര തട്ടിമാറ്റാൻ ആളുകൾ ശ്രമിക്കുമെന്ന ചൊല്ലിനെ അന്വർത്ഥമാക്കുന്ന പ്രവർത്തനങ്ങൾക്ക് സംസ്ഥാനം ഇരയായിരിക്കുകയാണ്.

സംസ്ഥാനത്തു വിവാദമായ നയതന്ത്ര സ്വർണ്ണക്കടത്തിന്റെ അന്വേഷണം തുടർന്നുകൊണ്ടിരിക്കേ അധികാര കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടു പ്രത്യക്ഷമായും പരോക്ഷമായും അതീവ ഗുരുതരമായ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ആരോപണങ്ങളാണ് ഉയരുന്നത്. ഈ ആരോപണങ്ങളുടെയെല്ലാം കേന്ദ്രം മുഖ്യമന്ത്രിയുടെ ഓഫീസാണെന്നതു ആശങ്കവർധിപ്പിക്കുകയാണ്.

സംസ്ഥാനത്തു വർഷങ്ങളായി നടന്നുവന്ന നിയമവിരുദ്ധ നടപടികളാണ് ഇപ്പോൾ സംസ്ഥാനത്തെ ഗ്രസിക്കുന്ന നിലയിൽ എത്തിനിൽക്കുന്നത്. രാജ്യദ്രോഹ പ്രവർത്തനങ്ങളായ സ്വർണ്ണക്കടത്ത്, അതിനുപയോഗിച്ച രീതികൾ, മയക്കുമരുന്നുകടത്ത്, അതിനു നൽകിയ സംരക്ഷണം, കടം വാങ്ങിയും സംഭാവനയായി ലഭിക്കുന്നതുമായ പണം ഉപയോഗിച്ചു നടത്തുന്ന വികസന പ്രവർത്തനങ്ങൾക്കുള്ള കമ്മീഷൻ, ഏജൻസികൾ, കമ്മീഷന്റെ വിഹിതം ചെന്നെത്തി നിൽക്കുന്ന കേന്ദ്രങ്ങൾ, അഴിമതി ആരോപണങ്ങൾ അടിക്കടി നേരിട്ടുകൊണ്ടിരിക്കുന്ന മന്ത്രിമാർ, ഏതു നിമിഷവും അഴിമതി ആരോപണങ്ങൾക്കുള്ള ചോദ്യം ചെയ്യപ്പെടലിനു വിധേയനാകേണ്ടിവരുമെന്നു കരുതുന്ന മുഖ്യമന്ത്രി, അഴിമതിയുടെ നീരാളിപ്പിടിത്തം നേരിടുന്ന മുതിർന്ന ഉദ്യോഗസ്ഥന്മാർ, അഴിമതിക്ക് അറസ്റ്റിലായ മുൻമന്ത്രി– ഇതെല്ലാം ചേർന്നു ഭാവിയെക്കുറിച്ച് അനിശ്ചിതത്വം വർധിപ്പിച്ചിരിക്കുകയാണ്.

ജനാധിപത്യഭരണം കൊണ്ടാണ് നമ്മുടെ നാട് ഈ നിലയിൽ എത്തിയത്. ജനാധിപത്യം സംരക്ഷിക്കാൻ കച്ചകെട്ടി ഇറങ്ങിയ രാഷ്ട്രീയ സംഘടനകളാണ് അതിനു കാർമ്മികത്വം വഹിച്ചത്. ഈ സംഘടനകൾക്കും ഈ ഭരണവ്യവസ്ഥിതിക്കും ജനാധിപത്യത്തിന്റെ തനിമയിലേക്കു മടങ്ങാൻ കഴിയുമെന്നു കരുതാനാവില്ല. അത്രക്കു ജനാധിപത്യവിരുദ്ധമായി വ്യവസ്ഥിതിയെ മാറ്റിക്കഴിഞ്ഞു.

എന്നിട്ടും ഇപ്പോൾ ജനാധിപത്യത്തിനു വേണ്ടിയും അതു ശക്തിപ്പെടുത്താൻ വേണ്ടിയും ഇതേ സംഘടനകൾ മുറവിളികൂട്ടുന്നുണ്ട്. സാധാരണ മനുഷ്യരും സമൂഹവും സത്യമേത്, മിഥ്യയേത് എന്നു തിരിച്ചറിയാൻ കഴിയാത്ത തരത്തിൽ തെറ്റിദ്ധരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഈ സ്ഥിതി ജനങ്ങൾ ആഗ്രഹിക്കുന്നതല്ല.അതുകൊണ്ടുതന്നെ ഇതുമാറിയേ തീരൂ. എങ്ങനെ മാറ്റും എന്നതു ഈ രീതി ഏർപ്പെടുത്തിയവർക്കു തീരുമാനിക്കാവുന്നതാണ്. അങ്ങനെ ആയാലും അല്ലെങ്കിലും തിരുത്തലുകൾ ഉണ്ടാവുക തന്നെ ചെയ്യും. അതു കാലത്തിന്റെ നിയമമാണ്.

ഡോ. ബി. ആർ. അംബേദ്കർ മാധ്യമ അവാർഡിന് അപേക്ഷ ക്ഷണിച്ചു

കാസർകോട്: പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച മികച്ച റിപ്പോർട്ടിനുള്ള ഡോ. ബി. ആർ. അംബേദ്കർ മാധ്യമ അവാർഡിന് അപേക്ഷ ക്ഷണിച്ചു. പട്ടികജാതി വികസന വകുപ്പാണ് അവാർഡ് നൽകുന്നത്. അച്ചടി, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കാണ് അവാർഡ്. 2019 ആഗസ്റ്റ് 16 മുതൽ 2020 ആഗസ്റ്റ് 15 വരെയുള്ള കാലയളവിലെ റിപ്പോർട്ടുകളും പ്രോഗ്രാമുകളുമാണ് അവാർഡിന് പരിഗണിക്കുക. അച്ചടി മാധ്യമങ്ങളിലെ വാർത്ത/ഫീച്ചർ/പരമ്പര എന്നിവയുടെ അഞ്ച് പകർപ്പുകൾ ന്യൂസ് എഡിറ്ററുടെ സാക്ഷ്യപത്രം സഹിതം നൽകണം. ദൃശ്യ മാധ്യമങ്ങളിൽ നിന്നുള്ള എൻട്രികൾ ന്യൂസ് സ്റ്റോറിയോ, കുറഞ്ഞത് അഞ്ച് മിനിട്ടെങ്കിലും ദൈർഘ്യമുള്ള വാർത്താധിഷ്ഠിത പരിപാടിയോ, ഡോക്യുമെന്ററിയോ ആയിരിക്കണം. ഡി.വി.ഡി ഫോർമാറ്റിലുള്ള എൻട്രി (അഞ്ച് കോപ്പികൾ), ന്യൂസ് എഡിറ്ററുടെ സാക്ഷ്യപത്രം, എൻട്രിയെക്കുറിച്ചുള്ള ലഘുവിവരണം, അപേക്ഷകരുടെ ഫോൺ നമ്പർ, ഫോട്ടോ (ഒരു കോപ്പി) എന്നിവ സഹിതം ലഭിക്കണം.

ശ്രാവ്യ മാധ്യമങ്ങൾ സംപ്രേഷണം ചെയ്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തെ സംബന്ധിക്കുന്ന എല്ലാവിധ പ്രോഗ്രാമുകളും അവാർഡിന് പരിഗണിക്കും. എൻട്രികൾ സി.ഡി.യിലാക്കി ലഘുവിവരണം, പ്രക്ഷേപണം ചെയ്ത നിലയത്തിലെ പ്രോഗ്രാം ഡയറക്ടറുടെ സാക്ഷ്യപത്രം എന്നിവ സഹിതം നൽകണം. എൻട്രികൾ നവംബർ 25 വരെ സ്വീകരിക്കും. ചീഫ് പബ്ലിസിറ്റി ഓഫീസർ, പട്ടികജാതിവികസന വകുപ്പ്, അയ്യങ്കാളിഭവൻ, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം –3 എന്ന വിലാസത്തിൽ അയക്കണം.

സ്ത്രീപക്ഷം

അമ്മ മടിയിൽ കരുതിയ അപ്പ കഷ്ണത്തിന്റെ ഓർമ്മ

കൂക്കാനം റഹ്മാൻ

1977ൽ വികസന ബ്ലോക്കുകൾ മുഖേന നടത്തുന്ന കർഷക പ്രവൃത്തി മുഖ സാക്ഷരതാ ക്ലാസ് കരിവെള്ളൂരിൽ ആരംഭിച്ചപ്പോൾ അതിലൊരു പഠിതാവായി എത്തിയത് കേവലം പതിനൊന്ന് വയസ്സുകാരനായ ഗോപിയാണ്. അതേ പ്രായക്കാരായ ബാലൻ, അശോകൻ, ഗംഗാധരൻ, രാഘവൻ, ഭാസ്ക്കരൻ എന്നിവരും ക്ലാസിലെത്തി. എല്ലാവരും രണ്ടാം ക്ലാസിൽ വെച്ച് പഠനം നിർത്തിയവർ. മൂന്നാലു കൊല്ലം അലഞ്ഞു തിരിഞ്ഞു നടന്നപ്പോൾ പഠിച്ച അക്ഷരമെല്ലാം മറന്നു. പിന്നീടാണ് കരിവെള്ളൂരിലെ സാധു ബീഡി കമ്പനിയിൽ ബീഡിക്ക് നൂല് കെട്ടാൻ ഇവർ വന്നത്. ആദ്യ മാസങ്ങളിൽ കൂലിയൊന്നും കിട്ടിയില്ല. ചായയും നെയ്യപ്പവും കിട്ടും. ബീഡി തെറുപ്പുകാരന്റെ മുന്നിൽ ചമ്രം പടിഞ്ഞ് ഇരിക്കണം. അദ്ദേഹത്തെ തന്നെ ശ്രദ്ധിച്ചിരിക്കണം. തെറ്റിയാൽ തലയിൽ കത്രിക കൊണ്ട് അടി ഉറപ്പാണ്.

കരിവെള്ളൂരിൽ അന്ന് ലീനാ ടാക്കീസ് ഉണ്ട്. ഗോപിക്ക് അവിടെ ചെന്ന് സിനിമ കാണാനൊന്നും പൈസയില്ല. അക്കാലത്ത് സിനിമാ നോട്ടീസ് കമ്പനികളിൽ എത്തും. അവനത് വായിക്കാനാവുന്നില്ല. കഥാസാരം വളരെ ലഘൂകരിച്ച് നോട്ടീസിൽ ഉണ്ടാവും.അതെങ്കിലും വായിച്ചാസ്വദിക്കാൻ പറ്റാതിരുന്ന വേദനയാണ് അന്നത്തെ അക്ഷരം അറിയാത്ത ഗോപിയും ഇന്നത്തെ ബിസിനസ്സുകാരനായ അതേ ഗോപിയും എന്നോട് പങ്കിട്ടത്. ആ സമയത്താണ് റഹ്മാൻ മാഷ് കരിവെള്ളൂരിൽ തുടങ്ങിയ സാക്ഷരതാ ക്ലാസിനെക്കുറിച്ച് ഗോപി അറിയാൻ ഇടയായത്. ബസാറിൽ മുസ്ലീം കൾച്ചറൽ സൊസൈറ്റിയുടെ ഒരു ഷെഡിലാണ് രാത്രി ക്ലാസ് നടന്നിരുന്നത്. മാഷ് ഞങ്ങളെ കമ്പനിയിൽ വന്നു കണ്ടു. സാക്ഷരതാ ക്ലാസിൽ ചേരാൻ ക്ഷണിച്ചു. അക്ഷരം പഠിക്കാൻ വല്ലാത്ത മോഹമായിരുന്നു. ഗോപി ഓർമ്മ പങ്കിടുകയാണ്.

‘മാഷ് ചിരിച്ചു കൊണ്ടേ ക്ലാസെടുക്കൂ. അക്ഷരം തെറ്റി എഴുതിയാൽ പുറത്ത് തട്ടി ഓമനത്തത്തോടെ തിരുത്തി തരും. അന്ന് സ്ക്കൂളുകളിലെ തല്ലി പഠിപ്പിക്കുന്ന മാഷന്മാരെ പോലെയായിരുന്നില്ല മാഷുടെ പഠിപ്പിക്കൽ . അതുകൊണ്ട് ഒരു വർഷ



ഗോപി.

ത്തെ ക്ലാസിൽ വെച്ച് വായിക്കാനും എഴുതാനും എല്ലാം ഭംഗിയായി പഠിക്കാൻ കഴിഞ്ഞു.‘

അക്കാലത്ത് സാക്ഷരതാ ക്ലാസ് നടത്താൻ സന്നദ്ധതയുള്ള സംഘടനകൾക്കും വ്യക്തികൾക്കും, ‘ഫാർമേർസ് ഫംഗ്ഷണൽ ലിറ്ററസി പ്രോഗ്രാം‘ മുഖേന വികസന ബ്ലോക്കിൽ നിന്ന് പഠിതാക്കൾക്കുള്ള പാഠപുസ്തകം, സ്ലേറ്റ് എന്നിവ സൗജന്യമായി കിട്ടും. പെട്രോമാക്സിൽ എണ്ണ അടിക്കാൻ മാസം പ്രതി നാല്പത് രൂപയും കിട്ടും. അധ്യാപകന് ആനുകൂല്യമൊന്നുമില്ല. സേവനം ചെയ്യാൻ താൽപര്യമുണ്ടെങ്കിലെ പദ്ധതി അനുവദിച്ചു കിട്ടൂ. അന്ന് കരിവെള്ളൂരിലെ ബീഡി കമ്പനികളിൽ പ്രായമുള്ള നിരക്ഷരരായ യുവാക്കൾ നിരവധി ഉണ്ടായിരുന്നു. ബീഡി കമ്പനികളിൽ. അവർക്ക് ഓപ്പൺ ഷെഡിൽ വന്നിരുന്ന് പഠിക്കാൻ ഒരു ചമ്മൽ. അതിനാൽ അടച്ചുറപ്പുള്ള ഒരു മുറി കണ്ടെത്തി. അന്ന് കരിവെള്ളൂർ ബസാറിലെ കച്ചവടക്കാരനായ അബ്ബാസ് അവന്റെ പീടികമുകളിലെ മുറികളിലൊന്ന് സൗജന്യമായി അനുവദിച്ചു തന്നു. തൊഴിലാളികൾ ക്ലാസിൽ എത്തിയാൽ ഡോർ അടക്കാൻ പറയും. മറ്റുള്ളവർ കാണാതിരിക്കാൻ കരിവെള്ളൂരിൽ ആരംഭിച്ച രാത്രി ക്ലാസ് പലർക്കും അൽഭുതമായിരുന്നു. ചിലർക്ക് അവജ്ഞ, ചിലർക്ക് അതിശയം. പ്രോൽസാഹിപ്പിക്കുന്നവരും നിരുത്സാഹപ്പെടുത്തുന്നവരുമെല്ലാം അക്കൂട്ടത്തിലുണ്ടായിരുന്നു.

അഞ്ചു മക്കളിൽ രണ്ടാമനാണ് ഗോപി. ചെറുപ്പത്തിലേ അച്ഛൻ മരിച്ചു. അതിനാലാണ് ബീഡിക്ക് നൂല് കെട്ടാൻ വന്നത്. രണ്ട് കൊല്ലം കഴിഞ്ഞപ്പോൾ ബീഡി തെറുപ്പുകാരനായി. ദിനേശ് ബീഡി കമ്പനിയിൽ ജോലി കിട്ടി. അക്ഷരം പഠിച്ചതിനാൽ കുറച്ചൊക്കെ സമുഹവുമായി ഇടപെടുന്നതിൽ കഴിവു നേടി. ബീഡി പണിയിൽ നിന്നു കിട്ടുന്ന കൂലി വീട്ടു ചെലവിനു തികയാതെ വന്നപ്പോൾ ലീവെടുത്ത് നാടൻ പണിക്കു പോയി തുടങ്ങി. ഇടയ്ക്കിടക്ക് ലീവെടുക്കുന്നത് കമ്പനിയിലെ ബ്രാഞ്ച് മേസ്ത്രിക്ക് ഇഷ്ടപ്പെട്ടില്ല. മേസ്ത്രി വഴക്കു പറഞ്ഞു. സെക്രട്ടറിയെ ചെന്നു കണ്ട് കത്ത് വാങ്ങിച്ചു വന്നാലേ കമ്പനിയിൽ ജോലി ചെയ്യാൻ പറ്റൂ എന്ന് മേസ്ത്രി പറഞ്ഞു. പയ്യന്നൂരിൽ ചെന്ന് ദിനേശ് ബീഡി സെക്രട്ടറിയെ കണ്ടു. സെക്രട്ടറിയുടെ വകയിലും കുറച്ചു വഴക്കു കിട്ടി. ഇനി ഇതാവർത്തിക്കില്ല എന്ന് അപേക്ഷ എഴുതി കൊടുക്കാൻ പറഞ്ഞു. അക്ഷരം പഠിച്ച ശക്തി അവിടെയും ഗോപി പ്രയോഗിച്ചു. വളരെ താണുകൊടുക്കാൻ മനസ്സനുവദിച്ചില്ല. ഗോപി എഴുതി ‘ഇനി ഇതാവർത്തിക്കാതിരിക്കാൻ ശ്രമിക്കാം‘ എന്ന്. സെക്രട്ടറിക്ക് ഈ ‘ശ്രമിക്കാം‘ എന്ന വാചകം പിടിച്ചില്ല. ആ വാക്ക് മാറ്റണം എന്നായി സെക്രട്ടറി. അങ്ങിനെ ഉറപ്പു തരാൻ പറ്റില്ലെന്ന് ഗോപിയും. അവിടെ നിന്ന് ഇറങ്ങി വന്നു. പിന്നെ ദിനേശിൽ കയറിയില്ല .

ഗോപിയുടെ അമ്മ സ്നേഹനിധിയാണ്. കാർക്കശ്യക്കാരിയാണ് പണിക്കു പോയസ്ഥലങ്ങളിൽ നിന്ന് ഇടനേരങ്ങളിൽ കിട്ടുന്ന ചായ, പലഹാരങ്ങൾ അവർ കഴിക്കില്ല. അത് മടിയിൽ പൊതിഞ്ഞ് വെച്ച് വൈകീട്ട് വീട്ടിൽ വന്നാൽ കൊച്ചുമക്കൾക്ക് വീതിച്ചു നൽകും. ആ പലഹാരത്തിന്റെ കഥ പറഞ്ഞപ്പോൾ ഗോപി വിങ്ങിപ്പൊട്ടിപ്പോയി. ‘അച്ഛനില്ലാത്ത മക്കളാണ് നിങ്ങൾ തെറ്റായ വഴിക്കു പോകരുത്‘ എപ്പോഴും അമ്മ ഇക്കാര്യം ഓതിക്കൊണ്ടിരിക്കും. തെറ്റ് കണ്ടാൽ ശിക്ഷ കിട്ടും. അതുകൊണ്ടാണിന്നും ഒരു തെറ്റിലേക്കും പോകാതെ പിടിച്ചു നിൽക്കാൻ എനിക്കു കഴിയുന്നത്.

ദിനേശിൽനിന്ന് ഇറങ്ങിയതു മുതൽ നാടൻ പണിക്കു പോയിത്തുടങ്ങി. കുറച്ചു കൂടി സാമ്പത്തിക നേട്ടമുണ്ടാക്കാൻ ഇടയ്ക്ക് കൽപ്പണിക്കും പോവാൻ തുടങ്ങി. നല്ല നടു വേദന ഉണ്ടാക്കുന്ന അധ്വാനമാണത്. പണി കഴിഞ്ഞ് വന്ന് കട്ടിലിൽ നിവർന്ന് കിടക്കുന്നതും, വേദന കടിച്ചമർത്തുന്നതും അമ്മ കണ്ടു. ‘നീ കല്ല് കൊത്തിനു പോകണ്ട മോനെ മറ്റെന്തെങ്കിലും പണി നോക്കൂ. ‘അമ്മയുടെ നിർദ്ദേശ പ്രകാരം അന്നേവരെ അധ്വാനിച്ച് മെച്ചമുണ്ടാക്കിയ തുക കൊണ്ട് ഒരു ഓട്ടോറിക്ഷ വാങ്ങി. ഓട്ടോറിക്ഷ സ്വന്തമായി സംഘടിപ്പിച്ചപ്പോൾ ആരുടെയും കീഴിലല്ലാതെ പണിയെടുക്കാമല്ലോ എന്ന ആശ്വാസമുണ്ടായി. ചില ദിവസങ്ങളിൽ പെയിന്റിംഗ് പണിക്കു പോയിത്തുടങ്ങി. ഇങ്ങിനെ ഇരുപത്തിയഞ്ച് വയസ്സിനുള്ളിൽ വിവിധങ്ങളായ തൊഴിൽ മേഖലകളിൽ പണിചെയ്തു. പലതരം സ്വഭാവക്കാരായ ആളുകളെ പരിചയപ്പെട്ടു. ജീവിതം എങ്ങിനെ മുന്നോട്ട് കൊണ്ടുപോകണം എന്നു പഠിച്ചു.

അന്ന് റഹ്മാൻ മാഷ് ആരംഭിച്ച സാക്ഷരതാ ക്ലാസിൽ വന്നതാണ് എന്റെ കണ്ണ് തുറപ്പിച്ചത്. ഇക്കാര്യം എന്റെ ഭാര്യയോടും മക്കളോടും എന്നും പങ്കുവെക്കാറുണ്ട്. അക്ഷര

1977ലെ സാക്ഷരതാ പഠിതാക്കൾ; വൃത്തത്തിൽ ഗോപി

പഠനത്തിനു ശേഷം എസ്.എസ്.എൽ.സി പരീക്ഷ എഴുതിയെടുത്തു. കൂറേക്കൂടി കാര്യങ്ങൾ ഉൾക്കൊള്ളാൻ പറ്റി. ഹയർ ഗുഡ്സ് ഷോപ്പ് തുടങ്ങിയാൽ കൂടുതൽ മെച്ചപ്പെടാം എന്ന മോഹമുദിച്ചു. ഇരുപത്തിയഞ്ചായിരം രൂപ ബാങ്ക് ലോൺ എടുത്തു. ഓണക്കുന്നിൽ ‘ഗീതം ഡെക്കറേഷൻസ്’ എന്ന സ്ഥാപനം തുടങ്ങി. അത് നാൾക്കുനാൾ മെച്ചപ്പെട്ടു വന്നു. സാക്ഷരതാ ക്ലാസിൽ വന്നപ്പോൾ മുതൽ ഞാൻ ഗോപിയെ ശ്രദ്ധിക്കാറുണ്ട്. എളിമയാണ് അവന്റെ മുഖമുദ്ര. ആരേയും വെറുപ്പിക്കാതെയുള്ള ഇടപെടൽ – അതായിരിക്കാം അവന്റെ നേട്ടങ്ങൾക്കുള്ള പിൻബലം. ആ സമയത്താണ് ഗോപിക്കൊരു കൂട്ടുകാരിയെ കിട്ടുന്നത് അജിത. അജിതയെയും ഞാൻ ഫോണിൽ ബന്ധപ്പെട്ടു. സംസാരത്തിലെ പക്വതയും സൗമ്യതയും കേട്ടപ്പോൾ സന്തോഷം തോന്നി. അജിത ഭാഗ്യവതിയാണെന്ന് പറഞ്ഞപ്പോൾ അവൾ സന്തോഷം കൊണ്ട് വിതുമ്പുന്നത് എന്റെ ചെവിയിൽ പതിഞ്ഞു. അർഹതയുള്ളവർക്ക് അനുയോജ്യമായതേ കിട്ടു എന്നത് പ്രകൃതി നിയമമാണ്. രണ്ടു മക്കളുണ്ടിവർക്ക്.എനിക്ക് കിട്ടാതെ പോയത് മക്കൾക്ക് ലഭ്യമാക്കി കൊടുക്കണമെന്ന വാശിയായിരുന്നു. ഗോപിക്ക് രണ്ടു പെൺമക്കളാണ്. അശ്വതി ജി നാഥ് എന്ന മൂത്ത കുട്ടി ബി.ഡി.എസിന് പഠിക്കുന്നു. ഗോകുല. ജി.നാഥ് എന്ന രണ്ടാമത്തവൾ ഫിഷറീസ് സയൻസിൽ ബിരുദ വിദ്യാർത്ഥിനിയാണ്.

കഴിഞ്ഞ ദിവസം പത്രത്തിൽ ഒരു വാർത്ത കണ്ടു. കരിവെള്ളൂരിൽ ‘പാർവ്വതി അമ്മ ട്രേഡേർസ്‘ എന്ന പേരിൽ ഒരു മലഞ്ചരക്ക് വ്യാപാര കേന്ദ്രം ഉൽഘാടനം ചെയ്യുന്നു എന്നായിരുന്നു അത്. അതിന്റെ മാനേജർ എന്റെ പ്രിയപ്പെട്ട സാക്ഷരതാ പഠിതാവായിരുന്ന ഗോപിയാണെന്നറിഞ്ഞപ്പോൾ അവനെ വിളിച്ച് ആശംസ നേർന്നു. പട്ടിണി കിടന്നും, പണിക്കു പോയ സ്ഥലത്തുനിന്നും കിട്ടുന്ന അപ്പക്കഷ്ണങ്ങൾ മടിയിൽ പൊതിഞ്ഞു വെച്ചു കൊണ്ട് മക്കളെ പോറ്റിയ അമ്മയെ ഓർത്തു കൊണ്ടാണ് ‘അമ്മയുടെ‘ പേരിൽ ഈ സ്ഥാപനം തുടങ്ങിയതെന്ന് വീണ്ടും വിതുമ്പലോടെ ഗോപി പറഞ്ഞു. ‘ഈ വഴികളൊക്കെ കടന്നു വരാൻ ഇന്ന് ഞാൻ എത്തി നിൽക്കുന്ന ഇടത്തിലെത്താൻ എന്നെ ഞാനാക്കിയതിന്റെ മുഖ്യ പങ്ക് കൂക്കാനം റഹ്മാൻ മാഷിനാണ്. ‘ഗോപിയുടെ നേട്ടങ്ങൾ ശ്രദ്ധിക്കപ്പെടണം . ഒന്നു മില്ലായ്മയിൽ നിന്നുള്ള ഉയർച്ച. അക്ഷരം നിഷേധിക്കപ്പെട്ടിട്ടും കളഞ്ഞുപോയ നിധിയെ ത്തേടി എന്നെ സമീപിച്ചതും ഓർക്കുമ്പോൾ ഞാനും അഭിമാനം കൊണ്ടു.

○

അച്ചടി മാധ്യമങ്ങൾ മലയാളിക്ക് ജീവിത നിഴൽ

നാട്ടിലായാലും മറുനാട്ടിലായാലും നാട്ടിലെ വാർത്തകൾക്ക് കാതോർക്കുന്നവരാണ് മലയാളികൾ. മാധ്യമ സമീപനങ്ങളിൽ കാലാനുസൃതമായ മാറ്റമുണ്ടായെങ്കിലും പത്ര വായന കൈവിടാത്തതാണ് മലയാളി ശീലം. പ്രതിസന്ധികളെ അതിജീവിക്കുന്ന ഇക്കാലത്തും തുടർ കാലത്തും പത്രങ്ങൾ ക്കുള്ള പ്രസക്തിയും സാധ്യതയും പ്രമുഖ മാധ്യമ പ്രവർത്തകർ പങ്കുവയ്ക്കുന്നു.

ഉണ്ണിരാജൻ ശങ്കർ, എഡിറ്റർ, ദി ഇന്ത്യൻ എക്സ്പ്രസ്:

കോവിഡ് 19 നമ്മുടെ ജീവിതത്തിലെ നിരവധി മാറ്റങ്ങളെ ധ്രുതഗതിയിലാക്കി. പരമ്പരാഗത രീതിയിൽ നിന്ന് മാറി പുതിയ രീതിയിൽ വർത്തമാന പത്രങ്ങൾ വിതരണം ചെയ്യുന്നതാണ് അതിലൊന്ന്. അച്ചടിയിൽ നിന്ന് ഡിജിറ്റലിലേക്കുള്ള രൂപാന്തരണം യു എസിൽ നമ്മൾ കണ്ടതുപോലെ ഡിജിറ്റൽ മാർഗ്ഗത്തിലൂടെ വായനക്കാരിലേക്കെത്താനുള്ള ആശയങ്ങളും രീതികളും പ്രാവർത്തികമാക്കാൻ അച്ചടി മാധ്യമങ്ങളെ ഈ പ്രതിസന്ധി ഇതിനകം നിർബന്ധിതമാക്കിയിട്ടുണ്ട്. ഉദാഹരണത്തിന് ലോക്ഡൗൺ കാലത്ത് ദി ഇന്ത്യൻ എക്സ്പ്രസ് പത്രം വായനക്കാരുടെ ഫോണിലേക്ക് പി ഡി എഫ് ഫോർമാറ്റിലാണ് എത്തിച്ചിരുന്നത്.

മാധ്യമപ്രവർത്തനം വരും ദിവസങ്ങളിൽ മുമ്പത്തേതുപോലെയോ അതിൽക്കൂടുതലോ പ്രസക്തമായിരിക്കുമ്പോഴും ഡിജിറ്റൽ മാർഗ്ഗത്തിലൂടെ കൂടുതലായി വായനക്കാരിലേക്കെത്താൻ വർത്തമാനപത്രങ്ങൾ നോക്കിയേക്കാം. അച്ചടിക്കുന്ന പത്രങ്ങൾ ഉടൻ അപ്രത്യക്ഷ്യമാകുമെന്നല്ല. ഓൺലൈനായി വാർത്തകൾ ഉപയോഗിക്കുന്നവരുടെ എണ്ണം കൂടുകയും അവരിലേക്കെത്താൻ വർത്തമാന പത്രങ്ങൾക്ക് വഴി കണ്ടെത്തേണ്ടതായും വരും. ഗുണനിലവാരമുള്ള മാധ്യമ പ്രവർത്തനത്തിന് സമയവും പ്രയത്നവും ഊർജ്ജവും ആവശ്യമാണെന്നും അത് ചിലവേറിയതാണെന്നും വായനക്കാരെ നമ്മൾ ബോധ്യപ്പെടുത്തണം. സ്ഥിരീകരിക്കപ്പെടാതെ ഫോർവേർഡുകളായി നിങ്ങളുടെ ഫോണിൽ ലഭിക്കുന്ന കാര്യത്തേക്കാൾ നിങ്ങൾക്ക് വർത്തമാന പത്രം നൽകുന്ന ഉള്ളടക്കത്തെ വ്യത്യസ്തമാക്കുന്നത് ജേർണലിസമാണ്. അതുകൊണ്ട് ഫോണിലോ കമ്പ്യൂട്ടറിലോ വായിക്കുമ്പോഴും നിങ്ങളതിനെ പിന്തുണയ്ക്കുകയും പ്രതിഫലം നൽകുകയും വേണം. ഈ പ്രതിസന്ധി മലയാളമടക്കം എല്ലാ ഭാഷകളിലുമുള്ള വർത്തമാന പത്രങ്ങൾക്ക് മാറ്റം ആസന്നമാക്കിയിരിക്കുന്നു. ഇനിയും അനന്തമായി മാറ്റിവയ്ക്കാനാകാത്തതാണ് ആ മാറ്റം.

ജെ. ഗോപീകൃഷ്ണൻ, സ്പെഷ്യൽ കറസ്പോണ്ടന്റ് ദി പയനീർ:

മറ്റേതു മേഖലകളിലുമുള്ളതിന് സമാനമായൊരു പ്രതിസന്ധി മാത്രമാണ് കോവിഡ് മഹാമാരി പത്ര വ്യവസായത്തിലും സൃഷ്ടിച്ചത്. സഞ്ചാര– ഗതാഗത നിയന്ത്രണം പത്രവിതരണത്തെ ബാധിച്ചിരുന്നെങ്കിലും ആ വിഷയങ്ങൾക്കും പതുക്കെ മാറ്റം വരുകയാണ്. ഇതേ തുടർന്ന് വർത്തമാനപത്രങ്ങൾക്ക് ചിലവ് ചുരുക്കാനും പത്രങ്ങൾപാഴാക്കിക്കളയുന്നത് ഒഴിവാക്കാനും അച്ചടി കുറയ്ക്കേണ്ടി വരുന്നു. പത്രങ്ങൾക്കൊപ്പം കോവിഡ് പകരുമെന്ന വ്യാജവാർത്തകളും വന്നു. ചില വെബ്സൈറ്റുകളും വാട്സ്ആപ്പ് യൂണിവേഴ്സിറ്റിക്കാരുമാണ് ഇത് പ്രചരിപ്പിച്ചിരുന്നത്. ഈ വ്യാജ വാർത്തകൾ സൃഷ്ടിച്ച പരിഭ്രാന്തി വിഫലമായി. ഉൽപ്പാദനം കുറഞ്ഞതിനാൽ പരസ്യങ്ങൾ ഇല്ലാത്തതായിരുന്നു മറ്റൊരു പ്രശ്നം. എന്നാൽ ഇപ്പോൾ ഉൽപ്പാദനവും നിർമ്മാണവും വർദ്ധിക്കാൻ തുടങ്ങിയിട്ടുണ്ട്.

ഡിജിറ്റൽ ന്യൂസും മൊബൈൽ ഫോണിലൂടെയോ ടിവിയിലൂടെയോയുള്ള വാർത്തകളും അച്ചടി മാധ്യമങ്ങൾക്ക് പകരമാകില്ല. ആധികാരികവും പലകുറി സ്ഥിരീകരിക്കപ്പെട്ടതുമായ വാർത്തകൾ അച്ചടി മാധ്യമങ്ങളിലൂടെ മാത്രമേ വരൂ. പത്രവായനയ്ക്ക് മറ്റൊന്നും പകരം വയ്ക്കാനാകില്ല. വായനാശീലത്തിന്റെ കേന്ദ്രബിന്ദുവാണ് പത്രവായനാശീലം. വ്യക്തി ജീവിതത്തിൽ വിജ്ഞാന രൂപീകരണത്തിന്റെയും ശേഖരണത്തിന്റെയും അടിസ്ഥാനമാണത്. ലോകത്തിലേക്കും സമൂഹത്തിലേക്കുമുള്ള പ്രഥമ ജാലകം. മറ്റു മാധ്യമരൂപങ്ങൾ അച്ചടി മാധ്യമങ്ങളുടെ പ്രതിയോഗികളല്ല. മറിച്ച് വിജ്ഞാനശേഖരണത്തിന്റെയും രൂപീകരണത്തിന്റെയും മൂല്യവർധിത കേന്ദ്രങ്ങളാണ്. അതുകൊണ്ട് വർത്തമാനപത്ര വ്യവസായം നിലവിൽ നേരിടുന്ന തിരിച്ചടി താൽക്കാലികം മാത്രമാണ്. ജീവിതവും സംവിധാനങ്ങളും സാധാരണ നിലയിലേക്ക് പുനഃസ്ഥാപിക്കപ്പെടുമ്പോൾ പത്ര വ്യവസായ മേഖലയും സമാനമായ അവസ്ഥയിലേക്ക് തിരിച്ചെത്തും.

വെങ്കിടേഷ് രാമകൃഷ്ണൻ: ഫ്രണ്ട്ലൈൻ മാസിക:

കോവിഡ് ഉണ്ടാക്കിയ മാധ്യമ പരിസരം അടിസ്ഥാന പരമായി അച്ചടി മാധ്യമങ്ങളുടെ പ്രവർത്തനങ്ങളെ കാര്യമായി ബാധിച്ചിട്ടുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള അച്ചടി മാധ്യമങ്ങളിൽ ശരാശരി 50 ശതമാനം മുതൽ 70 ശതമാനം വരെ സർക്കുലേഷനിൽ ഇടിവ് വന്നിട്ടുണ്ടെങ്കിലും മലയാള മാധ്യമങ്ങളിൽ മാത്രം വലിയ തകർച്ച സംഭവിച്ചിട്ടില്ല. ഇതിന് പ്രധാന കാരണം മലയാളികൾക്ക് പത്രങ്ങളോടുള്ള അടുപ്പവും അവബോധവുമാണ്. മറ്റ് ഭാഷകളിലെ അച്ചടി മാധ്യമങ്ങൾക്ക് തകർച്ച സംഭവിച്ചാലും മലയാള മാധ്യമങ്ങൾക്ക് ഒന്നും സംഭവിക്കില്ല. എല്ലാ മലയാളികളെയും പോലെ ശൈശവകാലം മുതൽ പത്ര വായന സ്വഭാവത്തിന്റെ ഭാഗമായിരുന്നു. വീടിന് സമീപം വായനശാല ഉണ്ടായത്, കൂടാതെ വീട്ടിൽ മൂന്ന് പത്രങ്ങൾ ജീവിതത്തിന്റെ ഭാഗമായിരുന്നു. ഇപ്പോൾ അച്ചടി മാധ്യമങ്ങൾ പുതിയ വിവര സാങ്കേതിക വിദ്യയിൽ ഇ പേപ്പർ രൂപത്തിലാണ് വായിക്കുന്നത്. കോവിഡ് കാരണം മാധ്യമങ്ങൾ അച്ചടിക്കാനുള്ള ന്യൂസ് പ്രിന്റിന് ഡിമാന്റ് വർദ്ധിച്ചു. ലോകത്ത് ഏറ്റവും കൂടുതൽ ന്യൂസ് പ്രിന്റ് ഉൽപ്പാദിപ്പിക്കുന്ന ബ്രസീലിൽ മൊത്തത്തിലുള്ള ഉൽപ്പാദനത്തിന്റെ 30 ശതമാനമായി കുറഞ്ഞതായാണ് ഏകദേശ കണക്ക്. ഇതേ അവസ്ഥ തുടരുകയാണെങ്കിൽ അച്ചടിക്കാൻ കടലാസ് ഇല്ലാത്ത അവസ്ഥ അഭിമുഖീകരിക്കേണ്ടി വരും. എന്നാൽ കോവിഡ് കാലത്ത് വീട്ടിൽ ഇരുന്ന് അച്ചടി മാധ്യമങ്ങളുടെ ഡിജിറ്റർ പതിപ്പ് സ്ഥിരമായി വായിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായാണ് കണ്ടുവരുന്നത്. ഇ പേപ്പർ, ഇ മാഗസിൻ എന്നിവ വായിക്കുന്നവരുടെ എണ്ണം ഓരോ ദിവസവും വർദ്ധിച്ചു വരികയും സ്വീകാര്യത വർദ്ധിച്ചു വരുന്നതായും കാണാൻ കഴിയുന്നു.

ഐസക് ജോൺ ഖലീജ് ടൈംസ് ദുബൈ:

ലോകത്ത് അച്ചടി മാധ്യമങ്ങൾ വലിയ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. മലയാള പത്രങ്ങളെ അപേക്ഷിച്ച് മറ്റ് ഭാഷകളിലുള്ള പത്രങ്ങളിൽ പേജുകളുടെ എണ്ണത്തിൽ വലിയ കുറവ് വരുത്തിക്കഴിഞ്ഞു. പത്ര വായന മലയാളികളുടെ ജീവിതചര്യ ആയതുകൊണ്ടാണ് പ്രതിസന്ധി മലയാള പത്രങ്ങളെ തളർത്താത്തത്. മലയാളികൾക്ക് വായന ശീലമുണ്ടായതുകൊണ്ട് എന്ത് പ്രതിസന്ധിയിലും മലയാള പത്രം മുന്നോട്ട് പോകും.

അടുത്ത 20 വർഷത്തേക്ക് മലയാള പത്രങ്ങൾ ഏത് ഭീഷണിയും നേരിടുകയില്ല. സാമൂഹ്യ മാധ്യമങ്ങളുടെ കടന്നുകയറ്റം മറ്റ് ഭാഷകളിലെ പത്രങ്ങൾക്ക് വെല്ലുവിളി സൃഷ്ടിച്ചിട്ടുണ്ടെങ്കിലും മലയാള പത്രങ്ങൾക്ക് കാര്യമായ ഇടിവ് ഉണ്ടാക്കിയിട്ടില്ല. യു എ ഇയിൽ നിന്ന് പുറത്തിറങ്ങുന്ന പ്രമുഖ ഇംഗ്ലീഷ് പത്രങ്ങൾ പലതും പേജുകളുടെ എണ്ണം ഗണ്യമായി കുറച്ചു. കോവിഡ് പ്രതിസന്ധി രൂക്ഷമായ സമയത്ത് മലയാള പത്രങ്ങൾ ഒന്നും പ്രതിസന്ധിയിലാകാത്തതിന് കാരണം മലയാളികളുടെ ആഴത്തിലുള്ള വായനയാണ്. സാമൂഹ്യ മാധ്യമങ്ങളിലെ വായന ഒരിക്കലും പൂർണ്ണമാകില്ല. വായനയുടെ പൂർത്തീകരണം സാധ്യമാകണമെങ്കിൽ പത്രങ്ങൾ തന്നെ വായിക്കണം. അറിവ് വർദ്ധിക്കണമെങ്കിൽ വായന അത്യാവശ്യമാണ്.

ആർ രാജഗോപാൽ എഡിറ്റർ, ദി ടെലഗ്രാഫ്:

മഹാമാരിക്ക് മുമ്പ് പത്ര വായനയുടെ ഭാവിയെക്കുറിച്ച് എനിക്ക് അത്ര വലിയ പ്രതീക്ഷകളൊന്നും ഉണ്ടായിരുന്നില്ല. ഞാൻ പത്രങ്ങൾ വായിച്ചിരുന്നുവെങ്കിലും അതെന്റെ ജീവിതവൃത്തിയുടെ അല്ലെങ്കിൽ വയറ്റിൽപിഴപ്പിന്റെ ഭാഗമായി മാത്രമായിരുന്നു. പത്ര ഭാഷയിൽ പറഞ്ഞാൽ എന്തൊക്കെ ‘മിസ്’ ചെയ്തു എന്നറിയാൻ വേണ്ടിയാണ് ഞാൻ പത്രം വായിച്ചിരുന്നത്. കുട്ടിക്കാലത്തെ ആവി പറക്കുന്ന പത്രങ്ങളും ഉറങ്ങാത്ത ലഹരി പിടിപ്പിക്കുന്ന മഷിയുടെ വാസനയുമൊക്കെ എന്നേ മറഞ്ഞുപോയി. പക്ഷെ കോവിഡ് കാലത്തെ അനുഭവങ്ങൾ എന്നിൽ വീണ്ടും പ്രതീക്ഷ ഉണർത്തുന്നു. നമുക്ക് അറിയില്ലാ എന്ന് സത്യസന്ധതയോടെ വിനയത്തോടെ പറയുവാൻ ഈ കാലം എന്നെ പഠിപ്പിക്കുന്നു. ചില സമൂഹ്യ മാധ്യമങ്ങളിലെ നുണ പ്രചാരണങ്ങൾ, അഭ്യൂഹങ്ങൾ, അന്ധവിശ്വാസങ്ങൾ, ചില ടെലിവിഷൻ ചാനലുകളിലെ ആക്രോശങ്ങൾ, അലറിവിളിക്കും മേളകൾ, ഇവയെല്ലാം എന്നെ വീണ്ടും പത്രങ്ങളിലേക്ക് ആകർഷിക്കുന്നു. പത്രങ്ങളുടെ ഭാവി ഇപ്പോഴും ഉൽക്കണ്ഠാ ജനകമാണ്. പക്ഷെ ഒരു പത്രം എന്തായിരിക്കണമെന്നും എന്താവാൻ പാടില്ലായെന്നും ഓർക്കാൻ നമുക്ക് ഒരവസരം ലഭിച്ചു. അതൊരു ചെറിയ കാര്യമല്ല.

ഡി വർഗീസ് കെ ജോർജ്, ദി ഹിന്ദു പത്രം:

അച്ചടി മാധ്യമങ്ങൾ മലയാളിക്ക് ദിനചര്യയുടെയും ജീവിത ശൈലിയുടെയും ഭാഗമാണ്. 2000 നു ശേഷം പത്ര വായന തുടങ്ങിയ തലമുറയെ സംബന്ധിച്ചിടത്തോളം ഡിജിറ്റൽ പത്രവും, അച്ചടി പത്രവും തമ്മിൽ വലിയ അന്തരമില്ല. കോവിഡ് കാലഘട്ടത്തിന് മുന്നെ ലോകത്ത് അച്ചടി മാധ്യമങ്ങൾ വലിയ വെല്ലുവിളിയിലായിരുന്നു മുന്നോട്ട് പോയിരുന്നത്. എന്നാൽ ഡിജിറ്റൽ മാധ്യമങ്ങളുടെ വിതരണം സംബന്ധിച്ച് വലിയ വെല്ലുവിളി നമുക്ക് മുന്നിലുണ്ട്. ഇനിയുള്ള കാലഘട്ടത്തിൽ അച്ചടി മാധ്യമങ്ങളുടെ മുന്നോട്ട് പോക്ക് മാറ്റങ്ങൾക്കു വഴി തുറക്കും. കേരളത്തിലെ ഉപഭോക്തൃ സംസ്ക്കാരവുമായി ബന്ധപ്പെട്ടാണ് കേരളത്തിൽ പരസ്യ വിപണി നിലനിന്നിരുന്നത്. പുതിയ പ്രതിസന്ധിയിൽ കേരളത്തിലെ പുതിയ ഉപഭോക്തൃ സംസ്ക്കാരം മാധ്യമ ലോകത്ത് എങ്ങനെ നിലനിർത്തും എന്നുള്ളതും ചോദ്യമാണ്. ലോകത്ത് വലിയ മാറ്റങ്ങളുടെ പാതയിലാണ് മാധ്യമ ലോകം.

റാശിദ് പൂമാടം